2005 ഫെബ്രുവരിയിൽ സംസ്ഥാനത്ത് എല്ലാ അനധികൃത ചന്ദന ഫാക്ടറികളും അടിയന്തിരമായി അടച്ചുപൂട്ടാൻ സർക്കാർ ഉത്തരവാകുകയുണ്ടായി. റിസർവിന്റെ അതിർത്തികൾ കൂടുതൽ സുരക്ഷിതമാക്കാനുള്ള നടപടികൾ സ്വീകരിക്കുവാനും ചന്ദന മരങ്ങളുടെ സംരക്ഷണത്തിനായി പ്രത്യേക നിയമങ്ങൾ കൊണ്ടുവരാനും ഉദ്ദേശിക്കുന്നു.

ചന്ദനക്കാടുകളും അവയുടെ സംരക്ഷണവും

98 [T1816] ശ്രീ. കെ. പി. രാജേന്ദ്രൻ :
" പി. നാരായണൻ:
" എം. കുമാരൻ :
" പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചന്ദന റിസർവിനുള്ളിൽ ഇപ്പോൾ എത്ര ചന്ദനമരങ്ങളുണ്ട്, ഇതിന്റെ കൃത്യമായ കണക്കുകൾ വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ സംസ്ഥാന വനങ്ങളിൽ നിന്നും മുറിച്ചു മാറ്റിയ ചന്ദന മരങ്ങളുടെ എണ്ണം എത്ര; ഇവയെല്ലാംകൂടി എത്ര ടൺ വരുമെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ചന്ദനക്കാടുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് നിലവിലുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചന്ദന റിസർവിനുള്ളിൽ ഇപ്പോൾ 57,846 ചന്ദനമരങ്ങൾ ആണ് ഉള്ളത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സ്ഥിരമായി രാത്രിയിലും പകലും കൂടുതൽ സ്റ്റാഫുകളെ നിയമിച്ച് പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. മൂന്നാർ ഡിവിഷനുകീഴിൽ രണ്ട് ചെക്ക് പോസ്റ്റുകൾ പുതുതായി സ്ഥാപിക്കുകയും കൂടുതൽ ജീവനക്കാരെ നിയമിച്ച് പിക്കറ്റിംഗ് സ്റ്റേഷനുകൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അടുത്തകാലത്ത് ചന്ദനക്കള്ളക്കടത്ത് തുടരുന്ന സാഹചര്യത്തിൽ മറയൂരിലെ ചന്ദനക്കാടുകൾ സംരക്ഷിക്കുന്നതിനായി ഒരു പ്രത്യേക ഡിവിഷൻ രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. 24 പോലീസുകാർ അടങ്ങുന്ന ഒരു ദ്രുതകർമ്മസേന മറയൂരിൽ പ്രവർത്തിച്ചുവരുന്നു. ഒരു അസിസ്റ്റന്റ് കൺസർവേറ്റർ, 3 റെയിഞ്ചോഫീസർമാർ, 9 ഫോറസ്റ്റർമാർ, 30 ഫോറസ്റ്റ് ഗാർഡുമാർ ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് 14-2-2005 മുതൽ പ്രവർത്തിച്ചുവരുന്നു. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഏകോപിച്ച് കേസുകളിൽപ്പെട്ട പ്രതികളെ പിടികൂടുന്നതിന് ശ്രമങ്ങൾ നടത്തിവരുന്നു. 2005 ഫെബ്രുവരിയിൽ സംസ്ഥാനത്തെ എല്ലാ അനധികൃത ചന്ദന ഫാക്ടറികളും അടച്ചുപൂട്ടാൻ സർക്കാർ ഉത്തരവാകുകയുണ്ടായി. റിസർവിന്റെ അതിർത്തികൾ കൂടുതൽ സുരക്ഷിതമാക്കാനും ചന്ദന മരങ്ങളുടെ സംരക്ഷണത്തിനായി പ്രത്യേക നിയമങ്ങൾ കൊണ്ടുവരാനും ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly